ॐ

अहं ब्रह्मेति निश्चित्य
अहंभावं परित्यज

# ശ്രീധരന്റെ
# ദർശനത്തിലെ
# സമാധി വിശദീകരണങ്ങൾ

പ്രസാധകർ

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി

കായംകുളം

ॐ

# ശ്രീധരന്റെ
# ദർശനത്തിലെ
# സമാധി വിശദീകരണങ്ങൾ

പ്രസാധകർ

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി

കായംകുളം

Malayalam

SREEDHARANTE DARSANATHILE
SAMADHI VISADEEKARANANGAL

ശ്രീധരന്റെ ദർശനത്തിലെ
സമാധി വിശദീകരണങ്ങൾ

Author:

SADHU SREEDHARAN

Published by:

SREEDHARADESAM TRUST

Govindamuttam P.O.

Puthuppally, Kayamkulam

Printed at

ASAN PRINTERS

M.C. Road, Kottayam - 1.

Copies 500

Copyright Reserved

31st JANUARY 1994

18th MAKARAM 1169

Phone: 3465 Kayamkulam



ഓം

ശ്രീ ഗുരവേ നമഃ

# ശ്രീധരൻെറ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ

അമ്മേ! ബ്രഹ്മ മുഖാംബുജവാസിനീ!
തായേ! ദേവീ! സരസ്വതീ!
നിത്യ കല്ല്യാണ നിലയേ!
ശബ്ദബ്രഹ്മമയീദേവീ!
നീയെൻ മാതാവതാണെങ്കിൽ
ചൊല്ലാം ഞാൻ മായാചരിതാമൃതം.

കഴിഞ്ഞ പാഠങ്ങളുടെ അന്ത്യമവ്യക്തമെന്നു പറകയാൽ ചൊല്ലാം ഞാൻ സുവ്യക്തമാം വിധം. അരൂപ സമാധിയും അറിഞ്ഞുതെളിയും പ്രകാരവും സൂക്ഷ്മമെങ്കിലും സുവ്യക്തമാണെല്ലോ.

പിന്നീട്ട വ്യക്തമാക്കേണ്ടതു് അന്ത്യസമാധിയെന്നു ഞാൻ കുറിച്ചതിനെയാണെല്ലോ. അതു് വ്യക്തമാവാൻ പറയാം.

അന്ത്യസമാധിയെന്നു പറഞ്ഞാൽ സമാധിയുടെ ഏററവുമുന്നത നിലയങ്ങളെന്നോ അതി ബൃഹത്തായ സമാധിയെന്നോ അല്ല. ഞാനിവിടെ ചൂണ്ടുന്നതു് പിന്നയോ ഈ ജന്മത്തിൽ ദേഹവിയോഗം ചെയ്യും കാലത്തിൽ ഉന്നതന്മാർക്കു് സംഭവിക്കുന്നതോ വരുത്തിക്കൂട്ടുന്നതോ ആയ സമാധിയേയാണ്.

ഇതിന്ന് ഇതിഹാസങ്ങളിലും, പുരാണങ്ങളിലും ഒട്ടന വധി ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. ഐതിഹ്യ ങ്ങളിലും ചിലതെല്ലാം കണ്ടെത്തിയെന്നുവരാം. ഇതി ലെല്ലാം വളരെ അവ്യക്തതയും അപാകതയും കളവും കണ്ടെത്തി എന്നും വരാം. ആകകൊണ്ടതു് നേരേകാട്ടികൊ ടുക്കേണ്ടതായും വന്നു കൂടുമല്ലോ.

ഒരു വിവരണത്തിനുവേണ്ടി ഒരു ഐതിഹ്യം ഞാൻ കൊണ്ടുവരുകയാണ്. അല്പം ശ്രദ്ധിക്കുക. നമ്മളിൽ പല രും കേട്ടിട്ടുള്ളതും യഥാർത്ഥത്തിൽ ജീവിച്ചിരുന്നതുമായ ഒരു സർവസംത്യാഗി, ഒരവധൂതൻ പട്ടണത്തുപിള്ളയാരെന്ന പേരിൽ തമിഴ്നാട്ടിൽ ഉണ്ടായിരുന്നു. അദ്ദേഹം കടൽ വാരത്താണ് കാലം കഴിച്ചിരുന്നതു്. അക്കാലത്തൊരു ദിനം അവിടെ കളിക്കാൻകൂടിയ കുട്ടികളോടായി ഒരു വലിയ കുഴി ആ പൂഴിമണലിൽ കുഴിക്കാൻപറഞ്ഞ ഭ്രാന്ത ന്റെ ചെയ്തികളിൽ കൗതുകം കണ്ടെത്തിയ കുഞ്ഞുങ്ങൾ അതിവേഗം കുഴികുഴിക്കലായി. ആ കുഴിയിൽ പിള്ളയാർ ഇറങ്ങിഇരുന്നു. കുഴി മണ്ണിട്ടു മൂടിക്കോളാൻ പറഞ്ഞു. എട്ടും പൊട്ടുമറിയാത്തകുട്ടികൾ പെട്ടെന്നു തന്നെ കുഴിയും മൂടി. എത്രയോകഴിഞ്ഞു് കുഴിതുറന്നു നോക്കിയപ്പോൾ പിള്ള യാർക്കുപകരം ഒരു ചെറിയ ശിവലിംഗമാണുകണ്ടതു്.

ഇതു് ഐതിഹ്യമല്ലേ-ആരു വിശ്വസിക്കും-എങ്ങനെ വിശ്വസിക്കും.

എന്നാൽ ഇതൊരു ഭൂസമാധിയായാണ് ഭാരതീയർ വിശ്വസിച്ചു പോരുന്നതു്. അതിരിക്കട്ടെ മറ്റൊന്നു കാ ണാം. ശ്രീ വാത്മീകിയും ശ്രീ വേദവ്യാസനും രാമായണ മെഴുതിയിട്ടുണ്ട്. ഇതിലെ ചില ഭാഗം നമുക്കു നോക്കാം.

ശ്രീരാമചന്ദ്രൻ വളരെക്കാലം അയോദ്ധ്യ ഭരിച്ചപ്പോൾ അദ്ദേഹത്തിനൊരു രാജസൂയം നടത്തണമെന്നു തോന്നി. ശ്രീ വസിഷ്ഠനെ ആചാര്യനാക്കിയാഗമാരംഭിച്ചു. സീത കുറെക്കാലങ്ങൾക്കു മുമ്പ് കാട്ടിൽ ശ്രീ വാത്മീകി യാശ്രമത്തിൽ വച്ചു് പ്രസവിച്ചു. ഈ കുട്ടികൾ കുശനും ലവനുമെന്ന പേരിൽ രണ്ടുപേരുണ്ടായിരുന്നു. ഇവർ ഈ

മഹാത്മാവായ വാത്മീകി എഴുതിയ ശ്രീരാമായണം കാവ്യം താളലയാന്വിതം പഠിച്ചിരുന്നു. ഈ യാഗസദസ്സുകളിൽ അവിടെയും ഇവിടെയും ഒക്കെന്നിടത്തെല്ലാം ഈ കുഞ്ഞുങ്ങൾ ഇതിനെ ഗാനം ചെയ്തുവന്നു. ശ്രീരാമചന്ദ്രശ്രവണപുടങ്ങളിലും ഇതിൻെറ വിവരങ്ങൾ എത്തിച്ചേർന്നുകൊണ്ടിരുന്നു. ഒരു പക്ഷേ ഈ കുഞ്ഞുങ്ങൾ തൻെറ തന്നെ കുഞ്ഞുങ്ങൾ ആയിരിക്കാമെന്നും മററും ശ്രീരാമചന്ദ്രനും സംശയിച്ചിരുന്നു. എല്ലാററിനും പരിഹാരാർത്ഥമായി ഇവരുടെ ഒരു സദസ് തൻെറ മുമ്പിൽ നടത്തണമെന്ന് തീരുമാനിച്ച് ശ്രീ വാത്മീകി മുനിയോടു പറയുകയും—പിതൃഹീനരായ തൻെറ ഓമനകളെ വേണ്ടവണ്ണം ഉണദോഷിച്ച് അരങ്ങേററാമെന്നേല്കുകയും ചെയ്തു—രാജാവ് നിങ്ങളാരെന്നു ചോദിച്ചാൽ മുനികുമാരരെന്നു ചൊല്ലാനും അർത്ഥം കൂലിയതായ് തന്നാൽ അർത്ഥംകൊണ്ടുകിംഫലം—ഫല മൂലങ്ങളെന്നിയേ ഗിരിവാസികൾ ഞങ്ങൾ ആശ്രമാവാസത്തിനെന്തിനെന്നു ചൊല്ലാനു മോമ്പിപ്പിച്ചിറക്കിരാജസദസ്സതിൽ. തൻെറ കിളിന്നു പോലെ തോന്നപ്പെട്ടും തിടംബും, മോഹനമനോഹാര്യതയും, താനുടലെടുത്തതോ എന്നു വിളിച്ചു വിളിച്ചു ചോദിക്കുന്ന സുകുമാര സാമ്യതയും സൗമനസ്യവും ശ്രീരാമചന്ദ്രനും അത്ഭുതാലാസ്വദിച്ചു പോയ്. ഈ വിധ നിലാതിളക്കത്തിലമന്ന് ശ്രീരാമനിവരുടെ ഗാനം ശ്രവിക്കയും ഇവർ സീതാകുമാരന്മാരെന്നു മനസിലാക്കുകയുംചെയ്തു ഇവരോടുള്ള വാത്സല്ല്യവും സീതാ പരിത്യാഗവും അതിലെ പരിമിതികളും എല്ലാം കണക്കിലെടുത്തു ശ്രീരാമചന്ദ്രൻ ഇതിനൊരു പോംവഴി സൃഷ്ടിച്ചതു്—സീത അയോദ്ധ്യവാസികളോട് തൻെറ ചാരിത്രശുദ്ധിയെ പുരസ്കരിച്ചൊരു ശപഥം ചെയ്യുന്നാകിൽ താൻ സീതയെ വീണ്ടുകൊള്ളാമെന്നേല്ക്കുകയും ചെയ്തു. അതനുസരിച്ച് ശ്രീവാത്മീകി തന്നെ സീതാപരിശുദ്ധിയെ പററി ശ്രീരാമനോട് പറകയും ശപഥ നിർവ്വഹണത്തിന് കളമൊരുക്കാമെന്നേല്ക്കുകയും ചെയ്തു.

മൗനാലംകൃതയായി, കാവിവസ്ത്രധാരിണിയായി സീത പിറേറന്ന് നിശ്ചിത സമയത്തു് തന്നെയെത്തി

ചേർന്നു. ദേവകളുംപടെയുള്ള ആ ദിവ്യസദസിൽ ശ്രീ സീതാദേവിപ്രവേശിച്ചു.

ആ പ്രതിജ്ഞ കുറിക്കുവാൻ എന്റെ വാക്കുകൾ യോഗ്യമല്ല, മൃദുലമല്ല, മനോഹരവുമല്ല. കവികൾ പാട ട്ടെ ആയത്.

ശ്രീരാഘവന്റെ മനോഗതമറിഞ്ഞ സീതാ—ക്ലേശ ധാരിണീ—മൊഴിയുകീ രാമസദസ്സിൽ.

അപവാദ വിഷം പൂണ്ട
കാവിമൂടിയ സാധ്വിയാൾ
മൊഴിഞ്ഞു സൗമ്യശബ്ദമായ്

"നിനച്ചില്ല ഞാൻ രാമനെ
അല്ലാതൊരുത്തനെ
നിനയ്ക്കാറുമില്ല മറ്റൊരുത്തനെ
ഈ ഇതു സത്യമെങ്കിൽ
ഗതി തരൂ! ഗതി തരൂ!
ഭൂ ഭൃതയായികോട്ടേ ഞാൻ"
അങ്ങനങ്ങദ്ദിവ്യതൻ
വ്യാകുല വിലപനം കേട്ട്
പ്രളയവിരാട്ടതിൽ
ചെന്തളിർ കമലമായ്
നിന്നതാം ഭൂമിദേവി
സൂര്യം കണ്ടപോൽ
വിടർന്നു വിടവേകി
കഷ്ണം ചെയ്തു ദിവ്യ
ദേവിയാളെ ഭൂവതാ
യ്തീർത്തമാതാവാം
ഭൂമി ദേവിയാൾ.

രങ്ങനങ്ങാസീത ഭ്രു ഭൂതാന്തർഗതയായി-
നാം ഭൂതലം പരിപൂതമാക്കവാൻ

ഇതിലേറെ മനോഹരമായ ഭൂ ഭൂത സമാധി മററിട ങ്ങളിലാരും വരച്ചു കണ്ടില്ല ഞാൻ

അടുത്തു് ജലസമാധിയാണ്. അതു് ആ ശ്രീരാമൻ തന്നെ തീർത്ഥമായ്തീർത്തസരയൂ നദിചൊല്ലപ്പെട്ട ആയതു്.

സരയൂ നദി അതു തീർത്ഥമാക്കി
രാമ തീർത്ഥമതാക്കിനാൻ
പുണ്യാം ഭസായ സരയൂ
പുഴകണ്ട രഘുദ്വഹൻ
ചുഴിമിന്നും പുഴയതു
പിന്തുടർന്നങ്ങു നൃപൻ
അപ്സര സ്ത്രീകൾ ഗന്ധർവർ
പെരുമ്പറ മുഴക്കവേ
നടന്നു സരയൂ തോയം
പൂകാൻ രാമനൊരുങ്ങിനാൻ
യഥേഷ്ടം മെയ്യാണ്ടുകൊൾക
താൻ താൻ മഹാദ്യുതേ
പിതാ മഹന്റെ ചൊൽ കേട്ടു
തീർപ്പു ചെയ്തോരു ബുദ്ധിമാൻ
തമ്പിമാരൊത്തുമെയ്യോടെ
വിഷ്ണു തേജസു പൂകിനാൻ
ഉടൻ ദേവകൾ പൂജിച്ചു
വിഷ്ണുവായ് തീർന്ന ദേവനെ

അ: രാമയണം

തതോതിദൂരം നഗരാൽ സഗത്വാ
ദൃഷ്ട്വാ നദീംതാം ഹരിനേത്രജാതാം
നനന്ദരാമഃ സ്മൃതപാവനോതോ
ദദർശചാ ശേഷമിദം ഹൃദിസ്ഥം

.... .... .... .... .... .... .... .... .... .... .... ....

രവി പ്രകാശാഭിരഭിസ്പുരൽ ഖം
ജ്യോതിർമയം തത്രനഭോബഭൂവ
സ്വയം പ്രകാശൈർമ്മഹതാം മഹൽഭിഃ
സമാവൃതം പുണ്യകൃതാം വരിഷ്ടൈഃ
വാവുശ്ചവാതാശ്ച സുഗന്ധവന്തോ
വവർഷ വൃഷ്ടീഃ കസുമാവലീനാം
ഉപസ്ഥിതേ ദേവമൃദംഗനാദേ
ഗായത്സു വിദ്യാധര കിന്നരേഷു ·
രാമസ്സ്വപത്ഭ്യാം സരയൂജലം സകൃൽ
സ്പൃഷ്ടാ പരിക്രാമ ദനന്തശക്തിഃ

........ ....... ........................................

ത്വം ഭ്രാതൃഭിർ വൈഷ്ണവ മേവമാദ്യം
പ്രവിശ്യദേഹം പരിപാഹിദേവാൻ
യദാപരോവായദിരോചതേതം
പ്രവിശ്യദേഹം പരിപാഹിനസ്ത്വം
ത്വമേവ ദേവാധിപതിശ്ച വിഷ്ണു
ജ്ജാനന്തിനത്വാം പുരുഷം വിനാമാം
സഹസ്രകൃത്വസ്തു നമോനമസ്തേ
പ്രസീദദേവേശ പുനർന്നമസ്തേ

നഗരത്തിൽ നിന്നും വളരെ ദൂരം ചെന്നപ്പോറം വിഷ്ണോരീക്ഷണ ജാതയായ സരയൂ നദി കണ്ട് അതിന്റെ മാഹാത്മ്യാതിരേകത്തെ ഓർത്തു് ഹൃദയസ്ഥമശേഷമവലോകനം ചെയ്തു.

സൂര്യപ്രഭാപരിശോഭിതമായ ജ്യോതിർമയാകാശം ജലത്തിൽകണ്ട്സ്വയം പ്രകാശാൽ പ്രശോഭിച്ചു നില്ക്കുന്ന പുണ്യാത്മാക്കളായ ഉത്തമന്മാർ തങ്ങളുടെ ചിൽപ്രഭാപരിശോഭിതഹൃദയം കണ്ടുതിളങ്ങി നിലകൊണ്ടുനിന്നു മണം പേറും കാററടിച്ചുകൊണ്ടിരിക്കുന്നു. ദേവകറം പുഷ്പവൃഷ്ടി യഥേഷ്ടം തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നു. മൃദംഗം മുഴങ്ങുന്നു. വിദ്യാധരാദികറം സംഗീതാലാപനങ്ങറം നടത്തിക്കൊണ്ടിരിക്കെ—അനന്ത ശക്തനായ

ശ്രീരാഘവൻ തൻെറ ഉടല്-സ്ഥൂല ദേഹം-നനയ്ക്കാറ് സരയൂ നദിയിലിറങ്ങി നിന്ന് പ്രദിക്ഷണംചെയ്ക എന്ന സങ്കല്പത്തെച്ചെയ്ത.

ഇവിടെ പ്രയോഗിച്ചിരിക്കും വാക്കുകൾക്കെല്ലാം വിശിഷ്ടാത്ഥത്തെ കൊടുക്കേണ്ടതാണ്. എങ്കിൽ മാത്രമേ ശ്രീരാമൻ ശ്രേഷ്ഠ ഗതിയെ പ്രാപിച്ചെന്നുവരൂ. അതായത് ദേവകളുടെ പുഷ്പവൃഷ്ടിയും ശ്രീരാമചന്ദ്രൻെറ സുഗന്ധനിലയന പ്രാപ്തിയും തന്നുള്ളിലെ ദേവകളുടെ ഉണൎത്തെഴുന്നേല്പും മറ്റുമാണ് മുൻ വിവരണത്തിലുൾകൊള്ളിച്ചിരിക്കുന്നത്. ഈ പ്രതികരണത്തിനുശേഷം താൻ വിഷ്ണുവായോ, അതായത് എങ്ങും വ്യാപിച്ച നില കൊണ്ടിരുന്ന ദേവനായോ അതിൽ വിരക്തനെങ്കിൽ തനിക്കിഷ്ടമുള്ള മറെറതെങ്കിലും തരത്തിലോ ലോകസംരക്ഷണവും ദേവപാലനവും ചെയ്യുമാറാകണമെന്ന പ്രാൎത്ഥിച്ചാണ് ബ്രഹ്മാവ് വിടകൊൾവാൻ തുനിയുന്നത്. ഇങ്ങനെ ചിന്മയാനന്ദവടിവരാന സർവ്വ വ്യാപകനായ വിഷ്ണുവായി പരിലസിക്കും സമാധിയാണ് ശ്രീരാഘവൻ കണ്ടെത്തിയത്.

ഇനി നമുക്ക് അഗ്നിസമാധിയായറിയപ്പെടുന്ന ചില സമാധികൾ പഠിക്കാം.

വാ: രാമാ.

രാമൻ ചൊല്ലിക്കഴിഞ്ഞാറെ
കണ്ണീർ ചിന്നിയ കണ്ണുമായ്
ഗമിച്ചാൻ ലക്ഷ്മണൻ ക്ഷിപ്രം
പൂകിയില്ല നിജാലയം

സരയൂക്കരെ പുക്കാചമി-
ച്ചവൻ തൊഴുകയ്യുമായ്
സ്രോതസെല്ലാം നിരോധിച്ചു
വീർപ്പയയ്ക്കാതെമേവിനാൻ
വീപ്പററ യോഗിയവനിൽ
അപ്സര സ്ത്രീകളിന്ദ്രനും

വാനവന്മാരിലൃഷികള-
മേവരും പൂക്കാംന്തുകിനാർ

മേൽ കൊടുത്ത വിവരണം യോഗീന്ദ്രന്മാരെങ്ങനെയാണ് അഗ്നിസമാധിക്കു മുമ്പ് പ്രവത്തിക്കുന്നതെന്നു കാട്ടുന്നുണ്ടല്ലോ. പിന്നീടാ ലക്ഷ്മണൻ ഉടലോടെ സ്വർഗ്ഗം പൂകുംകഥയാണ് തരുന്നതു്. ഇതു സൂക്ഷ്മ ശരീരത്തെ എടുത്തു് സ്വർഗ്ഗം പൂകും മാർഗ്ഗമാണു സൂചിപ്പിക്കുന്നതു്.

മറെറാന്നു ശ്രീകൃഷ്ണചരിതമാണ് അതുമല്ലം കാട്ടാം. അദ്ധ്യാത്മ രാ:

മന്നവാ ജഗന്നാഥൻ
തന്നുള്ളിൽ തൻ വിഭൂതി
തന്നെയുമീക്ഷിച്ചിട്ട്
തന്നുടെ ആത്മാവിനെ
ആത്മവുകൊണ്ടുകണ്ടിട്ട്
ആത്മാവിൽ യോജിപ്പിച്ച്
സ്വാത്മാകാരമായഖണ്ഡാ
ത്മാവായ് നേത്രങ്ങളെ
അടച്ച സമാനമായ്
സൂക്ഷ്മജ്യോതിഷമായി
പടുത്വമോടുവാണീടുന്ന
ലോകാഭിരാമൻ
മംഗലമായ യോഗധാരണാ
ധ്യാനംകൊണ്ടു
തന്നുടെ ശരീരത്തെ
യോഗാഗ്നികൊണ്ടു ദഗ്ദ്ധ്വാ
ആത്മാനം പരമാത്മാ
വായോരു സ്വധാമത്തെ
പ്രാപ്തനായ് ശോഭിച്ചു

ഇവിടെ അഗ്നിസമാധിയുടെ വ്യക്തമായ വിവരണം തരുന്നുണ്ട്. അതുകൊണ്ട് അഗ്നിസമാധിയുടെ അവ്യക്തതമാറുന്നുമുണ്ട്.

ഇനിയും നമുക്കു പ്രാണനിൽ വിലയം പ്രാപിക്കും സമാധിയെപററിപഠിക്കാം.

പ്രശ്നോപ.

അഥോത്തരേണ തപസാ ബ്രഹ്മചര്യേണ
ശ്രദ്ധയാ വിദ്യയാത്മാന മന്വിഷ്യാ
ദിത്യമഭിജയന്തേ ഏതദ്വൈപ്രാണാ
നാമായതനമേതദമൃത മഭയമേതത്
പരായണ മേതസ്മാന്ന പുനരാവത്തന്ത
ഇത്യേഷ നിരോധഃ തദേവശ്ലോകം-

ആദിത്യരൂപനായ പ്രജാപതിയും താനും ഒന്നെന്നു കണ്ട് ജഗത്തിന്റെ പ്രാണനായി നിലകൊള്ളും സൂര്യനും താനുമൊന്നെന്നറിഞ്ഞു ഉത്തരായണമാർഗ്ഗാവലംബികളായി സൂര്യനിലെത്തിച്ചേരുന്നു. ഇവിടെ നാശമില്ലാത്തതും അവിടം പ്രാപിച്ചവർക്ക് പുനരാവത്തിയില്ലാത്തതുമാകുന്നു.

ഇതുകൊണ്ടു തന്നെയാണ് വളരെ കഷ്ടതകളനുഭവിക്കേണ്ടിവന്നിട്ടും അവയെല്ലാം സഹിച്ച് ഉത്തരായണം വരെ കാത്തുകിടന്നു ശ്രീഭീഷ്മർ സമാധിയാവുന്നത്. ഇതിനെ ഒക്കെ വിലയിരുത്തി കൂടുതലൊന്നും പറയണമെന്നു കരുതുന്നില്ല. എങ്കിലും ഇതിലെ സമാധിയുടെ ഉത്തമാംഗം വിവരിക്കാതെ വിടുക തെററാണ്. അതല്പം പറയാം. ഉത്തരായണ സഞ്ചാരിയായ ജീവൻ സൂര്യനിൽ എത്തിച്ചേർന്നു വീണ്ടും വരവില്ലെന്നു ബോധ്യപ്പെട്ടാലും മുക്തനാകുന്നില്ല. ഇതിലേക്കു ഈശാവാസ്യത്തിലെ മന്ത്രം സാക്ഷ്യം വഹിക്കുന്നു.

''ഹിരൺമയേന പാത്രേണ
സത്യസ്യാപി ഹിതം മുഖം
തത്വം പൂഷന്നപാവൃണു
സത്യധർമ്മായ ദൃഷ്ടിയേ''

സത്യത്തിന്റെ മുഖം ഹിരണ്മയമായ പാത്രത്താൽ മൂടപ്പെട്ടതായിട്ടാണ് കാണപ്പെടുന്നതു്. സത്യോപാസകനായ എനിക്കുവേണ്ടി ആ പാത്രത്തെ മാററി എനിക്കു സത്യാവസ്ഥ കാട്ടിത്തരേണമേ.

ജഗത്തുണ്ടാകുന്നതിനു മുമ്പ് ജഗത്തു മുഴുവൻ ഒരു ഹിരൺമയ കോശത്താൽ ആവൃതമായിരുന്നു. ആ ഹിരണ്മയമായ അണ്ഡംപൊട്ടിയാണ് ഈ ജഗത്തു പിറക്കുന്നത്. ആകയാൽ ഇന്നു കാണും ജഗത്തിനും പൊരുളുകൾക്കും ഈ ഹിരണ്മയകോശമുണ്ട്. അതുകൂടി പൊട്ടിക്കാതെ സത്യസ്വാഭിമുഖം വ്യക്തമാകയില്ല. അതിലേയ്ക്കുവസാനമായി തന്റെ ഉപാസനയേ തന്നെ ആധാരമാക്കി ആ അമാനവ ഗുരുവിനോട് ആ ആവരണവും മാററി തന്നെ മോചിപ്പിക്കണമെന്നപേക്ഷിക്കുകയും, അതു മാററും സമയം തന്നെ സത്യം വ്യക്തമാകുകയും താൻ തന്നെയാണാ സൂര്യദേവനിൽ നിലകൊള്ളുമാത്മാവെന്നറിഞ്ഞു കൃതാർത്ഥനായി ഭവിക്കയും ചെയ്യുന്നു.

ഇതു് പ്രാണസമാധിയുടെ മനോഹര നിലയാണ്.

ഇനിയും ഭാരതത്തിലുള്ള ഒരുഞ്ഛവൃത്തി ബ്രാഹ്മണന്റെ കഥ എടുക്കാം. ഈ ജാപകൻ തന്റെ ഗതി എന്താണെന്നറിയാൻവേണ്ടി പല ദിവ്യന്മാരായബ്രാഹ്മണരേയും സമീപിച്ചു. എന്നാലവർക്കതു പറഞ്ഞുതരുവാനറിവില്ലെന്നും ഹിമാലയത്തിൽ പത്മനെന്നപേരിലറിയുന്ന ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ടെന്നും ആ ഗുഹാവാസിയായ പത്മനെ കണ്ടുപിടിച്ചു ചോദിച്ചാലറിയാമെന്നും പറഞ്ഞു കേട്ട ബ്രാഹ്മണൻ മടികൂടാതെ പലയിടത്തും തിരക്കി ആ ഗുഹകണ്ടെത്തി. പക്ഷേ അദ്ദേഹം സൂര്യവ്യൂഹം നടത്താൻ പോയിരിക്കയാണെന്നും രണ്ടു ദിവസിയോടെ വന്നു ചേരുമെന്നും അന്തേവാസികൾ അറിയിച്ചു. അദ്ദേഹം അവിടെ പുറത്തു് ഒരു കുസലും കൂടാതെ കാത്തിരുന്നു. അങ്ങനങ്ങുണ്ടൊരു ദിനം ആ ദിവ്യനെ കാണാൻ സാധിച്ചു. കുശലം സംസാരിച്ച കൂട്ടത്തിൽ സൂര്യവ്യൂഹ നടത്തിപ്പിൽ വല്ല വിശേഷവുമുണ്ടായോ എന്നും ചോദിക്കുണ്ടായി. അതിനെപററി പറഞ്ഞകൂട്ടത്തിൽ അദ്ദേഹം പറഞ്ഞു. സൂര്യനങ്ങനെ സഞ്ചരിക്കും കൂട്ടത്തിൽ എവിടെ നിന്നുമോ പ്രഭാപൂരിതനായ സൂര്യസമാനനായ മററൊരു സൂര്യൻ ഈ സൂര്യനിലേക്കു വരുകയുണ്ടായി. എല്ലാവരും

പരിഭ്രമിച്ചു നോക്കി നില്ക്കും വേളയിൽ ആ സൂര്യൻ ഈ സൂര്യനിൽ ചേരുകയും ചെയ്തു. അതെന്തായിരുന്നു എന്താണങ്ങനെ സംഭവിച്ചതു് എന്നു ചോദിച്ചതിനു് അതു് അതിദിവ്യനായ ഒരുഞ്ഛബ്രാഹ്മണൻെറ ആത്മാവാണെന്നും സൂര്യസമാനനായി സൂര്യനിൽ പ്രവേശിക്കയാണു് സംഭവിച്ചതെന്നും പറഞ്ഞുകൊടുത്തു. ഉഞ്ഛവൃത്തി ബ്രാഹ്മണൻെറ ആത്മഗതി എങ്ങനെ എന്നു ചോദിച്ചറിയാനാണു് താൻ അങ്ങയെ കാണാനായി വന്നതെന്നും, അത്ഭുതാതിശയത്തോടെ കേട്ടറിയാൻ സാധിച്ചതിൽ തനിക്കതിയായ സന്തോഷമുണ്ടെന്നും ആകകൊണ്ടു് താൻ അത്യന്തതൃപ്തനാണെന്നുമറിയിച്ചു സന്തോഷവാനായി അവിടെ നിന്നും പിരിഞ്ഞു. ഇതു ഒരു വിധ പ്രാണഗമനമാണു്. ഇതിനുശേഷം പ്രാണനു് യഥാൎത്ഥ ആത്മഗമനമുണ്ടാകും.

ഇനിയും നമുക്കു ഭാരതേ പറയപ്പെടുന്നതും വളരെ അധികം തരം താഴ്ത്തി കാട്ടിയിട്ടുള്ളതുമായ ഒരു താഴ്ന്ന പടിയിലുള്ളതുമായ ഒരാളുടെ സമാധിയെമനസിലാക്കാം.

പണ്ടൊരു രാജകന്യകയ്ക്കു് വിവാഹത്തിനു മുമ്പോ വിവാഹ പ്രായത്തിനു മുമ്പോ ഒരു മഹാപുരുഷനിൽ നിന്നും ഗർഭം ധരിക്കേണ്ടിവന്നു. പ്രസവാനന്തരം കുഞ്ഞിനെ ആരുമാരുമറിയാതെ മരവിയിലോ പെട്ടിയിലോ ആക്കി ആററിലൊഴുക്കിവിട്ടു. ആ ആററിൽ ഏതോ ഭാഗത്തു് കുളിച്ചുകൊണ്ടുനിന്ന ഒരാൾ ആ പെട്ടികണ്ടു് പരിശോധിച്ചതിൽ ആ കുഞ്ഞിനെ കണ്ടെടുത്തു സഭാര്യനു് വളർത്താൻ കൊടുത്തു. ഈ ആൾ ഒരു സൂതൻ- മറെറാരു തരത്തിൽ, ഒരു കുതിരക്കാരനായിരുന്നു. ഇങ്ങനെ ഒരു രാജകന്യകയുടെ കുഞ്ഞു് ഒരു സൂത പുത്രനായിമാത്രം അറിയപ്പെടുകയും ചെയ്തിരുന്നു. ഈ രഹസ്യങ്ങൾ ഒന്നും ആ കുഞ്ഞറിഞ്ഞിരുന്നില്ല.

തൻെറ ഭർത്താവിൽ നിന്നും ഗർഭംധരിക്ക അസാദ്ധ്യമെന്നുകണ്ടു ആ സ്ത്രീ മററു മഹാന്മാരിൽ നിന്നും ഗർഭം,

ധരിച്ച് അതിലുണ്ടായ കുഞ്ഞുങ്ങളെ പോററി വളർത്തി വന്നു. അവർ അഞ്ചുപേരുണ്ടായിരുന്നു. അതിലൊരാളുടെ പിതാവ് ശ്രീഇന്ദ്രനെന്ന ദേവരാജനായിരുന്നു. ആദ്യത്തെ ഉപേക്ഷിക്കപ്പെട്ട കുഞ്ഞിൻെറ പിതാവ് സൂര്യനായിരുന്നു. സൂര്യാനുഗ്രഹത്താലോ ഈശ്വരാനുഗ്രഹത്താലോ ഈ കുഞ്ഞ് ജന്മനാൽ തന്നെ ശ്രേയോദായിനിയായ കുണ്ഡലങ്ങളും ജീവ രക്ഷസ്സുതകും കവചവും ധരിച്ചാണു ജനിച്ചതു്.

'ഈശാവാസ്യമിദംസർവം
യത്കിഞ്ചിജഗദീത്ര്യയേ
തേനത്യക്തേനഭുഞ്ജീഥാ
മാഗ്ര്ദാകസ്യ സിദ്ധനം'

ഇതു് വേദാന്തത്തിലെ ജ്ഞാനഭണ്ഡാഗാരങ്ങളിൽ അതിപ്രധാനമായ ഉപനിഷത് പരമ്പരയിലെ ആദ്യോപനിഷത്തിലെ ആദ്യമന്ത്രമാണു്. ഈ കുഞ്ഞ് ഇതിലെ തത്വം മനോഹരമായി പഠിച്ച് ഈശ്വരൻെറ ഈശ്വരനു കൊടുക്കാനും മറെറല്ലാം തന്നെ സമ്യക്കായി ത്യജിക്കാനും പ്രാപ്തി സമ്പാദിച്ചിരുന്നു.

ഈ കാണുന്നതെല്ലാം ഈ ത്രിലോകങ്ങളിലുള്ള സർവ്വമാനവസ്തുക്കളും ജഗദീശപൂരിതം അഥവാ നിറവുററതാകകൊണ്ട് ആ വിധേനയുള്ളയീജഗത്തിനെ, ഈ മായാജാലത്തെ, ഈ ഈശ്വരവിലാസത്തെ, മുഴവനും ത്യജിച്ചിട്ട് അനന്തരമവശേഷിക്കും ശേഷനെ ആത്മാവിനെ താൻ തന്നെ എന്നറിഞ്ഞ് ആസ്വദിച്ചാലും, ഇതുതന്നെയാണു ആ പാവം കുഞ്ഞുപഠിച്ച പാഠവും. ഈ ശ്രേയസ്കരമായ സിദ്ധാന്തത്തിലുറച്ചുനിന്ന കുഞ്ഞിനോട് ആ കുഞ്ഞിൻെറ മാതാവിൻെറ മറെറാരു കുഞ്ഞിൻെറ പിതാവ് ശ്രീ ഇന്ദ്രൻ കുന്തീദേവിയുടെ ആദ്യപുത്രൻ, സൂര്യൻെറ പുത്രൻ തൻെറ മകനെ കടന്നുപോകരുതെന്നു കരുതി ബ്രാഹ്മണവേഷം ധരിച്ചു വന്നു കുണ്ഡലാദികൾ യാചിച്ചു വാങ്ങി

കൊണ്ടുപോകുകയും സർവ സംത്യാഗിയായ ആ കുഞ്ഞ് ''തേനത്യക്തേനഭുജ്ജീഥാ'' എന്ന പാഠം കണക്കി ലെടുത്തു ആനന്ദമാനസനായി അതു നല്കി സംതൃപ്തനാ കയുമാണുണ്ടായതു്.

സാധുരാധേയൻെറ ഗുണഗണങ്ങളും ശ്രീഭഗവാൻ വാസുദേവനുമറിഞ്ഞിരുന്നു.

ഭാരതം, ഉദ്യോഗം
**140 അദ്ധ്യായം**

നീയുപാസിച്ചു രാധേയാ
വേദപാരഗർവിപ്രരേ
അസൂയ വിട്ടു നിയമി
തത്വാർത്ഥം കേട്ടിരിപ്പുനീ
നീ തന്നെ അറിയും കർണ്ണാ
വേദവേദാന്തങ്ങളും മുന്നമേ
നീതന്നെ സൂക്ഷ്മമാംധർമ്മ
ശാസ്ത്രത്തിലറിവുള്ളവൻ
കനീനൻതാൻ സഹോഢൻതാൻ
കന്യയിങ്കൽ ജനിച്ചവൻ
പിന്നെവേട്ടോനവന്നച്ഛൻ
എന്നാർ ശാസ്ത്രജ്ഞരോതുന്നു.
നീയമ്മട്ടുള്ളവൻ കർണ്ണാ
ധർമ്മാൽ പാണ്ഡുവിൻ മകൻ

ഇങ്ങനെയുള്ള ഈ സാധുകർണ്ണനെവിളിച്ചുകൊണ്ടു പോയി തന്തയില്ലാത്ത അവനു ഒരു ധർമ്മാൽ തന്തയേയും ഒട്ടിച്ചുകൊടുത്തതിനു് ആ അനാഥനായ ആൾ പറഞ്ഞ മറുപടിയും ശ്രദ്ധേയമാണു്.

നിർണ്ണയം സൗഹൃദത്താലും
പ്രണയത്താലുമോതിനീ

..... .... .... .,.. .... ....

ഗർഭം ധരിച്ചിതക്കുന്തി
നിന്നെന്നെ കന്യകേശവ

അവളെന്നേപെററവാറേ
വെടിഞ്ഞു സൂര്യവാക്കിനാൽ
കൃഷ്ണാ ഞാനമ്മട്ടണ്ടായോൻ
കുന്തിയെന്നേകൈവെടിഞ്ഞു
കുശലമെന്നിയേ.

ഇവിടെയാണെഥാത്ഥകർണ്ണൻ ഇതിലെ കഥാ പുരുഷൻ ആവിർഭവിക്കുന്നതു്. ഇങ്ങനെ പിതാവും മാതാവും ജനനത്തിൽ തന്നെ കൈവെടിഞ്ഞതായ കുഞ്ഞാണു് ദുഷ്ടനോ, ശിഷ്ടനോ, സാധുവോ, ആ കുഞ്ഞു്. കർണ്ണൻ താൻ ആരുടെ പുത്രനെന്നറിയതെ തന്നെയാണു വളർന്നുവന്നതു്.

താനറിയാത്ത തന്റെ ഇളയസഹോദരങ്ങളെ ക്ഷത്രിയ ധർമ്മാനുസരണം ആയോധനാദി വിദ്യകരം അതിദിവ്യനായ ദ്രോണർ പഠിപ്പിക്കുമ്പോരം കർണ്ണൻ കുതിരക്കാരന്റെ പുത്രനാണെന്നതിനാൽ അപ്രകാരമുള്ള സകല വിദ്യകരംക്കം വിലക്ക കല്പിച്ചിരുന്നു. ഇതു് തന്റേയും മാതാവായ കുന്തീദേവിയുമറിഞ്ഞിരുന്നു. ഇങ്ങനെ തന്റെ മാതാവെന്നു് താനറിയാത്ത കുന്തീമാതാവിന്റെ അറിവിൽ തന്നെ പലനാടകങ്ങളു അരങ്ങേറിയിരുന്നു. തന്നെ പോലെയുള്ള കുഞ്ഞുങ്ങളിൽനിന്നും തന്നെ വേർതിരിച്ചു നിറുത്തുന്ന ആചാരമര്യാദകളും താൻ ഒരു വഞ്ചന പോലു ആയുധവിദ്യ പഠിപ്പിച്ചിട്ടില്ലാത്ത ഒരു കുഞ്ഞിനോടു് തള്ളവിരൽ ദക്ഷിണ വാങ്ങിയ ബ്രാഹ്മണ്യഗുരുത്വവും ഒക്കെകേട്ടും അറിഞ്ഞും കഴിയുന്ന സൂര്യപുത്രൻ ഇതു സഹിക്കയല്ലാതെയെന്തുമാർഗ്ഗം. ധർമ്മത്തിൻ മകുടമണിയായി ദാനതല്പരനായി സർവസംഗപരിത്യാഗിയായി ആ പിതൃമാതൃഹീനൻ സങ്കടങ്ങരം കടിച്ചമത്തി കഴിഞ്ഞുവന്നു. ഭീഷ്മ, ദ്രോണ, രാമ, കൃഷ്ണാജ്ജുനന്മാരൊഴിച്ചാൽ തന്റെ കിടനില്ക്കാനാരുമില്ലെന്നും കേട്ടിരുന്നു.

ആർക്കില്ലാ മന്നിൽ വീര്യത്തിൽ
കിടയായിട്ടൊരുത്തനും — അവനത്രേ

ആ സാധുവായകർണ്ണൻ.

ആരെയ്യും ദിക്കിൽ നില്ക്കില്ലാരു-
മർജ്ജുനനെന്നിയേ

ഇങ്ങനെയുള്ള ഈ കർണ്ണന്റെ കുണ്ഡലവും ചട്ടയും ശക്രനിരന്നാൻ അർജ്ജുനനിൻപ്രിയത്തിനാൽ.—കുന്തീവചനം.—

ഒരു പാണ്ഡവയുദ്ധം കഴിഞ്ഞു. യുധിഷ്ഠിരൻ വിജയിയായി. മരിച്ചു കിടക്കുന്ന കർണ്ണന്റെ ഉടലാകമാനം ജ്യോതിരാവൃതമായി കാണുകയാൽ ശ്രീയുധിഷ്ഠിരൻ ശ്രീകൃഷ്ണ ഭഗവാനെ വിവരമറിയിച്ചു. അദ്ദേഹം ഉടനേ തന്നെ ഒരു ബ്രാഹ്മണവേഷം ധരിച്ച് ചെന്നു, മരണശയ്യയിൽ കിടക്കും കർണ്ണനോട് സർവാധിപതിയായ കൃഷ്ണൻ യാചിക്ക തന്നെ ചെയ്തു. അങ്ങയുടെ വകയായുള്ളവ എന്തെങ്കിലും ഉണ്ടെങ്കിൽ തരണമെന്നു പറകയും ചെയ്തു. എന്താണിനിക്കിനിയുമുള്ളതെന്ന ചോദ്യത്തിന് അങ്ങയുടെ ആ പുണ്യസഞ്ചയങ്ങളാം എന്നതു കേട്ട ആനിന്ദിക്കപ്പെടും ദിവ്യൻ മടികൂടാതെ അതും കൊടുത്തു.

ഇതു കഴിഞ്ഞും ശ്രീകർണ്ണന്റെ ജീവൻ വേർപെടുന്നില്ലെന്നറിഞ്ഞ യുധിഷ്ഠിരൻ വിവരം വീണ്ടും കൃഷ്ണനെ അറിയിച്ചു. ഇപ്പോളാ മറമാററി കണ്ണൻ കർണ്ണനെ കാണാൻ താനായിത്തന്നെതിരിച്ചു. അല്ലേ ഭഗവാനെന്താണെന്റെ അടുക്കലേയ്ക്കു വന്നതു് എന്നു് ഭഗവത് മാഹാത്മ്യ മറിഞ്ഞ കർണ്ണന്റെ ചോദ്യം കേട്ടു്. ഞാൻ നിന്റെ ജീവൻ എനിക്കു തരണമെന്നെ—കൃതൃപ്തിക്കണെമെന്നു പറഞ്ഞ ശ്രീകൃഷ്ണഭഗവാനു് തന്റെ അവസാന ചങ്ങലകണ്ണിയായ ജീവനേയും ജീവനത്തേയും തിരികെകൊടുത്തു്—സർവതന്ത്രസ്വതന്ത്രനായി, ആത്മവാനായി, ആത്മാരാമായി, നിത്യമോചിതനായി, ബ്രഹ്മമായി നിലകൊണ്ടുനിന്നു. ഈ സമാധിയെ ചിദാകാശസമാധി എന്നു പറഞ്ഞാലും ആത്മസമാധി എന്നു പറഞ്ഞാലും ബ്രഹ്മസമാധി എന്നു പറഞ്ഞാലും ശരി എന്നേ എനിക്കു പറവാനാവൂ—ഓം.

പണ്ട് കാർത്തവീര്യാർജ്ജുനനെന്നും പരശുരാമനെന്നും രണ്ട് പ്രതാപശാലികളായ നരന്മാരുണ്ടായിരുന്നു. ഒരാറം ദത്താത്രേയ മഹർഷിയുടെ ശിഷ്യനുംകൂടിയാണ്. ഈ രണ്ടാളും തമ്മിൽ ഘോരമായ വൈരം മുഴക്കുകയും അതൊടുവിൽ യുദ്ധത്തിൽ കലാശിക്കയും ചെയ്തു.

ഈ രണ്ടാളും തമ്മിൽ നടന്നയുദ്ധത്തിൽ ദിവ്യാസ്ത്ര പ്രയോഗങ്ങറം തുടരെ തുടരെ നടക്കയാൽ ലോകനാശം ഭയന്ന് ബ്രഹ്മാവ് ദിവ്യാസ്ത്രപ്രയോഗം നിർത്തണമെന്നുപറയുകയും അതാദരിക്കപ്പെടുകയുംചെയ്തു. അപ്പോറം കാർത്തവീരൻ തനിക്കു വിധേയമായ ശ്രീവിഷ്ണുചക്രം എടുത്തു പ്രയോഗിക്കയും പരശുരാമൻ അസ്ത്രം കൊണ്ടാകെമൂടിയെങ്കിലും ഉജ്ജ്വലിച്ചുവന്ന ചക്രത്തെ അടക്കാനായില്ല. ഇങ്ങനെ വന്നപ്പോറം പരശുരാമനാവട്ടെ ശ്രീചക്രത്തെ ബഹുമാനിച്ചു സാഷ്ടാംഗം നമസ്കരിക്കയും ചക്രം അതിനാൽ അടങ്ങുകയും ചെയ്തു. ഇതു കണ്ട് അർജ്ജുനൻ തൻെറ എതിരാളി വിഷ്ണുതേജസാണ്ട ശ്രീനാരായണൻ തന്നെ എന്നു മനസിലാക്കി ഈ മഹാശയനിൽ നിന്നും മരണംവരിക്കാമെന്നുറച്ചു.

കരണങ്ങളെല്ലാമടക്കിമനസ്സിങ്കൽ
ജീവനയോഗംകൊണ്ട് പരമാത്മ നിചേർത്തു്.
കേവലാനന്ദമയനായി ചമഞ്ഞുനേരം
പരമാനന്ദ നൃത്തം തുടങ്ങീനരവരൻ
പരശുരാമനോടു പറഞ്ഞാനതുനേരം
വന്നീടുകെടോ വടോയുദ്ധത്തിന്നടുത്തിങ്ങ്
നിന്നെ ഞാൻ കലചെയ്വിനില്ല സംശയമേതും
ഇത്തരം ചൊല്ലി ദൃഢചിത്തനാം നൃപോത്തമൻ
ഹസ്തങ്ങറം തോറും പലശസ്ത്രങ്ങറം ധരിച്ചുടൻ
നൃത്തമാടിനാൻ ഉള്ളംചേർത്തുമാനന്ദത്തോടേ
വിഷ്ടപമാത്മ മയമായ്കണ്ടു നൃപാധിപൻ
തുഷ്ടനായ് മറന്നിതു ബാഹ്യവുമതുനേരം''

''ക്രോധരക്താക്ഷനായ ഭാർഗ്ഗവനതു കണ്ടു്
ചേതസി വിശേഷമാം ധ്യാനിച്ചങ്ങുറപ്പിച്ചു
വാതവേഗത്തോടവനീശനോടടുത്തപ്പോൾ
നിർഭയനായ നൃപനന്മത്തകോപത്തോടും
അത്ഭുതം വരുമാറു കെല്പോടു യുദ്ധം ചെയ്താൻ
കാർത്തവീര്യനും ക്രമാൽ ജർജ്ജര ശരീരനായ്
ആർത്തനായ് രക്തംകൊണ്ടു മുഴുകീ ശരീരവും
വാമബാഹുനാമൗലൗ പിടിച്ചു താഴ്ത്തികൊണ്ടു്
ഭൂമിയിൽ പതിപ്പിച്ചു സത്വരം കോപത്തോടെ
ഓരോരോകരം ഛേദിച്ചു ഭാർഗ്ഗവനും
ഉത്തമാംഗവും ഛേദിച്ചീടിനാനൊടുക്കത്തു്.''
''മിത്ര മണ്ഡലം ഭേദിച്ചപ്പൊഴേ തജ്ജീവനും
രോദസിനിറഞ്ഞൊരു തേജസ്സാൽ
മേൽപോട്ടുപോയ്
ആദിതേയന്മാർ ചെയ്തും പുഷ്പങ്ങൾ
കീഴ്പോട്ടേക്കും
ദേവസൽകൃതനായ കാർത്തവീര്യാജ്ജുനനും
ദേവലോകാദികളെകടന്നു സത്യലോകം
പ്രാപിച്ചു നേരംതത്ര വൈകുണ്ഠ ദൂതന്മാരും
വിമാനവുമേററി കൊണ്ടുപോയാർ.''

ഇനിയും അനവധി അനവധി ദിവ്യ അന്ത്യസമാധി പാഠങ്ങളുണ്ടു്. കുറെ വ്യക്തമാക്കലിനു വേണ്ടി വെളിച്ചം കാണിച്ചു എന്നേയുള്ളു.

ഇതിവിടംകൊണ്ടുനിറുത്തുന്നു.

ഓം

ശ്രീഗുരവേനമഃ

വിശുദ്ധവും വിശാലവും അസ്പഷ്ടവുമായ സമാധികരം വെളിപ്പെടുത്തുക വളരെ പ്രയാസമാണ് എങ്കിലും എൻെറ കുട്ടികളുടെ അറിവിനുവേണ്ടി എൻെറ കഴിവാവും വിധം ഉപയോഗിക്കാം.

ആദ്യമായി നിർവികല്പ സമാധിയുടെ വിശിഷ്ടാംശങ്ങളം ഫലത്തുമറിഞ്ഞു തെളിഞ്ഞ ഹൃദയത്തിൽ വെളിവായ് വിളയാടുന്ന ഒരു ബോധതെളിവാണ് അദ്വൈത സിദ്ധി. ഈ ആത്മ പ്രകാശത്തിൽ രണ്ടെന്നവസ്ഥ ഒരു തരത്തിലുമില്ലാതായി അദ്വൈതാവസ്ഥ എന്നആത്മാവസ്ഥ നിലകൊള്ളലത്രേ അദ്വൈതസിദ്ധി. ഇതനുഭവിച്ചറിയേണ്ടതത്രേ.

''ഈശ്വരാനുഗ്രഹാദേവ
പുംസാമദ്വൈതവാസനാ
മഹദ് ഭയ പരിത്രാണാത്
വിപ്രാണാമുപജായതേ.''

ഈശ്വരാനുഗ്രഹം തന്നെയാണ് പുരുഷനു് അദ്വൈത വാസന എന്നതു്. ഈശ്വരാനുഗ്രഹമെന്ന ആ ആത്മ ബോധ പ്രസരണം തന്നെയാണ് അനുഗ്രഹരൂപേണ പുരുഷനിൽ പ്രകടീകൃതമായിട്ടനുഭവപ്പെടുന്നതു്. ഈ അത്ഭുതവിലാസം അദ്വൈതത്തെ തരുന്നതാണ്. മഹദ് ഭയ പരിത്രാണനംകൊണ്ടു് അതായതു് മഹദ്ഭയത്തെ കടന്നു നില്ക്കുകൊണ്ടാണ് ഈ വിശിഷ്ട ബുദ്ധികളായ പുരുഷശ്രേഷ്ഠന്മാക്കിതുണ്ടാകുന്നതു്.

എങ്ങനെ മഹദ്ഭയം കടന്നു നിലകൊരംവതു്, അതു് നീ ശ്രദ്ധയാകേട്ടുകൊള്ളുക. സർവതന്ത്ര സ്വതന്ത്രനായ ഒരു ജീവിക്കു് ഈ ലോകത്തിലുണ്ടാകാവുന്ന ഭയ

ത്തിൽ ഭീമവും ഭയാനകവും തന്നെയാണ്, ഈ അന്ധകൂപത്തിൽ, ഈ വെളിവില്ലാത്ത അന്ധകാരത്തിൽ, ഈ കരകാണാക്കടലിൽ, അകപ്പെട്ടുപോയി എന്നു തോന്നും തോന്നൽ, ഇതിൽ നിന്നും കരകടക്കാൻ–പററാൻ, ഒരു മാർഗ്ഗവും കാൺമാനില്ലല്ലോ എന്ന വിഷാദാനുഭവവും, ഈ നിത്യനരകം കടക്കുക സാദ്ധ്യമാണോ, സാദ്ധ്യമാണോ എന്ന ദു:ഖസഞ്ചയത്തിൻെറ അറുതി എവിടെ അറുതി എവിടേ രക്ഷ എവിടെ രക്ഷ എവിടെ എന്നു കേണു കഴിയും ജിജ്ഞാസുവിനു്, കണ്ടെത്താൻ കഴിയാതെ കിടന്നു വലയുന്ന നിലതന്നെയാണ് മഹാഭയം കുറിക്കുന്നതു്.

ഇപ്രകാരേണയുള്ള മഹാഭയത്തെ കടക്കാം, ജയിക്കാം എന്ന കണ്ടെത്തലത്രേ വിശിഷ്ട പുരുഷൻെറ കണ്ടെത്തൽ അഥവാ വെളിവ്. ഈ വെളിവു തന്നെ ഒരുത്തമസമാധിയാണ്. ഇതദ്വൈതത്തെച്ചെയ്യും.

ഇതിനെ അല്പം കൂടി വിവരിച്ചുകാട്ടാം. അതായതു് അദ്വൈതാവസ്ഥയെ തന്നുകൊണ്ടു് അഥവാ കാട്ടിതന്നുകൊണ്ടു് ഒരു വെളിവ് ഒരു ബോധപ്രസാദസ്സ് നിലകൊള്ളുന്നതിനെ വ്യക്തമാക്കുന്നു. ഇതിനെ ഈശ്വരാനുഗ്രഹമെന്നാണു മുൻ മന്ത്രത്തിൽ പ്രകീർത്തിച്ചിരിക്കുന്നതു്. ഇതു തന്നെയാണ് അദ്വൈതാവസ്ഥ എന്ന നാമത്താൽ കുറിക്കപ്പെടുന്ന സമാധി. ഇതു് ആത്മാവിൻെറ വടിവുതന്നെയാണ്. ഇവിടെ അദ്വൈതം ഊട്ടുരുവേ നിലകൊള്ളുന്നതു് വ്യക്തംകാണാം. ഈ സമാധി മഹാകാശവടിവെന്നു പറഞ്ഞാലുമാകുന്നില്ല, അഖണ്ഡാകാരവൃത്തിമാനുമാണ്. ഇവനത്രേ അദ്വൈതസിദ്ധൻ. ഇത ഷ്ട സിദ്ധികളിൽ പെടുന്നതല്ല– ഇതാത്മ നില തന്നെയാണ്. ശ്രീദത്താത്രേയൻ ഇതിനെ മനോഹരമായി വേണ്ടുവോളം വാഴ്ത്തിയാണ് ആ ഗ്രന്ഥം അദ്വൈതസിദ്ധി വ്യപദേശിക്കുന്നതു്.

ഇനിമറെറാന്നു പറയാം.

''രാഗദ്വേഷവിമുക്താ

സത്യാചാരാനരാ മൃഷാരഹിതാ
സർവത്ര നിർവിശേഷാഭവതി
ചിദ്ബ്രഹ്മസ്പർശാൽ
തിഷ്ടന്ത്യണിമാദിയുതാ
വിലസദേഹാമുദാസദാനന്ദാ:
യേബ്രഹ്മഭാവമമൃതം
സംപ്രാപ്യാശ്ചൈവകൃത്യാ

രാഗദ്വേഷവിമുക്തനായി, സത്യാചാരനിരതനായി അസത്യം വിടപറഞ്ഞവനായി നിലകൊള്ളും പുരുഷൻ ചിദ്ബ്രഹ്മസമ്പർക്കാൽസർവ്വത്രനിർവിശേഷനായിരിക്കം. ഈ വിവരണത്തിൽ പറയുംപ്രകാരം സാധിച്ചെട്ടത്താൽ നിർവിശേഷ സമാധി_സമാധിയിലതിവിശിഷ്ടമായതിനെ പ്രാപിക്കാം.

ഇതോടുചേർത്ത് മററൊരുവിശേഷംകൂടി പറയുന്നതും ശ്രദ്ധിക്കണം. അണിമാദികളിൽ തൃപ്തദേഹനായും, സർവദാആനന്ദവാനായും, ബ്രഹ്മാനന്ദത്തെ പ്രാപിച്ച് കൃതകൃത്യനായിഭാവിക്കം. ഇതു് ശ്രീമദ്ഗോവിന്ദഭഗവദ്പാദരുടെ അഭിപ്രായമാണ്.

ഇനിയും എനിക്കനുഭവവേദ്യമായ ഒരു സമാധിയെ വിവരിക്കാം. ഇതു് നിർവ്വികല്പത്തിൽ പെടുകയും ചിലഅവസരങ്ങളിൽ ആനന്ദമഗ്നനായി തൻെറ ഹൃദയമെന്നോ ശിരസ്സെന്നോപറയാവുന്ന ഒരു പ്രതീതി ഉളവാക്കുന്നതുമുണ്ട്. ഇതു് ചിദാകാശവടിവരാനനെങ്കിലും ആകാശത്തെ കാണാത്തവനും, ശബ്ദനിർവിശേഷനും, എന്നാൽ ശബ്ദതരംഗാനുഭവം ആസ്വദിക്കുന്നവനും, അഥവാ ആകാശതരംഗത്തിൽ അമൃതാനന്ദാനുഭവം, തന്നെ കാണാതനുഭവിക്കുന്നവനും ആയിട്ടറിയപ്പെടുന്നുമുണ്ട്. ഇതിനെ ശ്രീധരൻ വിളിക്കുന്നതു് ശേഷശായിനസമാധി എന്നാണ്. ഇതു് സവികല്പനിർവികല്പമധ്യവർത്തിയാണ്.

ഇനിയും മറെറാരു സമാധി പറയാം'
ഇതിൽ തൻെറ ഉടൽ മുഴവൻ, മുഴവനായിതന്നെ കേവല ബിന്ദുവായി നില്ക്കുകയും ഒരത്ഭുതചേഷ്ട, വിവരണാതീതമാഹാത്മ്യമഹിക്കുന്ന ഒരു ശക്തി അനുഭവപ്പെടുകയും ചെയ്യും.

ഇനിയും മറെറാന്നു പറയാം. ഇതിൽതൻെറ ഉത്തമാംഗഹൃദയം ജഗത്മദ്ധ്യബിന്ദുവായി നിന്ന് അതായത്-അവലോകനാദിവിഷയങ്ങളുടെമദ്ധ്യ ബിന്ദു-ആയിനിന്നു അത്ഭുത പ്രതിഭാസ വൈശിഷ്ട്യത്തെ കാട്ടിത്തരുന്ന അത്ഭുതാനുഭവങ്ങരം നിർവിശേഷതയുടെ ഘോരതയെ വിളിച്ചറിയിക്കുന്നതനുഭവപ്പെടും. ഈ രണ്ടനുഭവങ്ങരം വ്യഭിചരിക്കപ്പെടാതിരിക്കാൻ വേണ്ടി വചസ്സും, മനസ്സും അഭ്യൂഹങ്ങളും ഒഴിവാക്കുന്നു.

ഇതുപോലെയോ ഇതിലധികം ഘോരഗംഭീരമായതോ ആയ ചില സമാധികരം പറയാം. ഇതു്ശാസ്ത്രത്തിൽ കാണുന്നതുമാണു്.

വാസിഷ്ഠത്തിൽ കചൻെറ സമാധിയുടെ ഒരു ചുരുങ്ങിയ വിവരണമുണ്ടു്. അതിൻെറ ഒരു ചെറുചുരുക്കം ഞാനിവിടെ പറയാം.

''കിം കരോമി കാഗച്ഛാമി
കിം ഗൃഹ്ണാമിത്യജാമികിം
ആത്മനാപൂരിതം വിശ്വം
മഹാകല്പാംബുനാ യഥാ
സ ബാഹ്യാഭ്യന്തരേ ദേഹേ
പ്യധ ഊർദ്ധ്വംച ദിക്ഷുച
ഇത ആത്മാസ്വതശ്ചാത്മാ
നാസ്ത്യനാത്മമയം കചിത്
നതദസ്തി നയത്രാഹം
ന തദസ്തി നയന്മയി
കിമന്യദഭിവാഞ്ഛാമി
സർവ്വം സംവിന്മയസ്ഥിതം''

പച്ച മലയാളത്തിൽ ശാമുമേനവൻ അതിനെ പറഞ്ഞിട്ടുണ്ട്.

''എന്താണുചെയ്യേണ്ടതു്
എങ്ങുപോകേണ്ടുഞാൻ
എന്തെടുക്കേണ്ടുഞാൻ
എന്തിനെചെയ്യേണ്ടുഞാൻ
എന്തിനെ തള്ളേണ്ടു ഞാൻ
ഹന്തമഹാകല്പകാലജലം
പോലെ ഞാൻ തന്നെ
എങ്ങും നിറഞ്ഞിരിക്കുന്നതു്.''

ഇതു ശാസ്ത്രവിവരണമാണെല്ലോ എന്നാൽ ഞാനിതിനെ പറയുന്നതു് എന്തിനു് എന്നു ചോദിച്ചാൽ ആദ്യഭാഗം അനുഭവത്തിലേയ്ക്കു കടത്തികൊണ്ടുവരുകയും — 'കിമന്യദഭിവാഞ്ഛാമി — സർവം സംവിന്മയസ്ഥിതം — എന്ന അറിവിനെ സാക്ഷാത്കരിച്ചനുഭവപ്പെടണം—ഹന്തമഹാകല്പകാല ജലം പോലെ—ഞാൻ തന്നെ എങ്ങും നിറഞ്ഞിരിക്കുന്നതു്' ഇതു സാക്ഷാത്തായറിയലാണ് ഈ സമാധിയിലെ ഉച്ചനില. ബാക്കി ഏവർക്കും പറയാം. ഞാൻ തന്നെ എങ്ങും നിറഞ്ഞിരിക്കുന്നതു് എന്നു പറഞ്ഞാൽ കുറച്ചു പ്രയാസമുണ്ടു വിവരണത്തിനു്. ഇതെല്ലാം എളുപ്പം പറഞ്ഞങ്ങുപോകാം.

സാക്ഷാത്ക്കാരത്തിലെത്തുപെടേണ്ട ചില ആകാശവടിവുകളുടെ വിവരണം ഛാന്ദോഗ്യത്തിലുള്ളതെടുത്തു കാണിച്ചുപറഞ്ഞുപോകാം.

ഛാന്ദോ
-12- 'യദ്വൈ തദ് ബ്രഹ്മേ തീദം വാവാതദ്
8:9

7 യോ/യം ബഹിർധാ പുരുഷാദാകാശോ
യോ വൈ/സബഹിർധാ പുരുഷാദാകാശോ

8 അയം വാവ ഽസയോഽയമന്തഃ പുരുഷ ആകാശോ യോ വൈ സോഽന്തഃ പുരുഷആകാശഃ

9 അയംവാവ സയോഽയമന്തർ ഹൃദയ ആകാശസ്ത ദേതത് പൂർണ്ണമപ്രവർത്തി പൂർണ്ണാമ പ്രവർത്തിനീം ശ്രിയം ലഭതേയ ഏവം വേദ

ഇവിടെ ഒരു സാക്ഷാത്കാരം സുന്ദരമായി വരച്ചു കാട്ടിയിരിക്കയാണ്. ബ്രഹ്മമെന്നു പറയപ്പെടുന്നതു് ശരീരത്തിനു പുറത്തുള്ള ആകാശമാണ്. അതു് പുരുഷന്റെ ഉള്ളിലുള്ള ആകാശം തന്നെയാണ്. അതു് ഹൃദയാകാശം തന്നെ. ഇപ്രകാരേണയുള്ള ഈ ബ്രഹ്മം പൂർണ്ണവും കർമ്മ രഹിതവുമാകുന്നു.

ഇപ്രകാരമറിയുന്നവൻ പൂർണ്ണനും കർമ്മരഹിതനുമായ। ആത്മവാനായി ശ്രീമാനായി ഭവിക്കുന്നു. ഇവിടെ അറിയേണ്ടതു് ബൃഹത്തായ ആകാശവും ഹൃദയാകാശവും ഒന്നെന്നു കണ്ടെത്തലാണ്.

ഇനിയും മറ്റൊന്നിലേക്കു കടക്കാം

ബൃഹദാ 1-4-10

''ബ്രഹ്മവാ ഇദമഗ്ര ആസീത് തദാത്മാന മേവാവേത്, അഹം ബ്രഹ്മാസ്മീതി, തസ്മാത് തത്സർവമഭവത്, തദ്യോ യോ ദേവാനാം പ്രത്യബുധ്യതസ ഏവ തദഭവത്. തദർഷീണാം, തഥാ മനുഷ്യാണാം, തദ്ധൈതത് പശ്യൻ ഋഷിർവാമദേവഃ പ്രതിപേദേ മനുരഭവം സൂര്യശ്ചേതി. തദിദമപ്യേ തർഹിയ ഏവം വേദ അഹം ബ്രഹ്മാസ്മീതി, സഇദം സർവഭവതി, തസ്യഹ നദേവാശ്ച നാഭൂത്യാ ഈശതേ, ആത്മാഹ്യേഷാം സഭവതിഃ അഥയോഽന്യ ദേവതാമുപാസ്തേ, അന്യോഽസാവന്യോഽഹമസ്മീതി, നസവേദ യഥാ പശുരേവം സ ദേവാനാം യഥാ ഹവൈ ബഹവഃ

പശവോ മനുഷ്യം ഭുഞ്ജു ഏവമേകൈ
കഃ പുരുഷോ ദേവാൻ ഭുനക്തിഃ ഏ
കസ്മിന്നേക പശാവാദീയ മാനേ/പ്രിയം
ഭവതി, കിമുബഹുഷു? തസ്മാ ദേഷാം
തന്നപ്രിയം യദേതന്മനുഷ്യാ വിദ്യുഃ

ചുരുക്കം ശ്രദ്ധിക്കുക. ഇതു് മുമ്പ് ബ്രഹ്മം തന്നെ ആയിരുന്നു. അതു് സ്വയമറിഞ്ഞു അഹം ബ്രഹ്മാസ്മി എന്ന്, അങ്ങനെ അതു് സർവവുമായി തീർന്നു. ദേവന്മാരുടെ കൂട്ടത്തിൽ ആരിപ്രകാരമറിഞ്ഞു് സാക്ഷാത് കരിച്ചതു് അവൻ അതുതന്നെ ആയിതീർന്നു, അതേ വിധം ഋഷികളുടെ കൂട്ടത്തിലും മനുഷ്യരുടെ കൂട്ടത്തിലും ആരുബ്രഹ്മത്തെ സാക്ഷാത്ക്കരിച്ചുവോ അതായതു് വാമദേവഋഷി സർവാത്മഭാവത്തെ പ്രാപിച്ചതുപോലെ ഭവിക്കും.

ഇനി മറെറാന്നു പറയാം

ആത്മബോധ -

''യാവാൻവാ അയമാകാശസ്താവാനേഷോ
അന്തർഹൃദയാകാശ ഉഭേ അസ്മിൻദ്യോവ
പൃഥിവീഅന്തരേവസമാഹിതേ ഉഭാവഗ്നിശ്ച
വായുശ്ച സൂര്യാ ചന്ദ്രമസാവു ഭൌവിദ്യു
നക്ഷത്രാണി യച്ചാസ്യേഹാസ്തിയച്ചാ
നാസ്തി സർവ്വം തദസ്മിൻ സമാഹിതമിതി;

ഈ ആകാശമെത്രത്തോളമുണ്ടോ അത്രതന്നെയുണ്ട് ഈ ഹൃദയാകാശം. ദ്യോവും, പൃഥിവിയും, അഗ്നിയും, വായുവും, സൂര്യനും ചന്ദ്രനും, വിദ്യുത്തും നക്ഷത്രങ്ങളും, യാതൊന്നു് ഈ ദേഹിക്കീ ലോകത്തിലുണ്ടോ അതും ഏതില്ലയോ അതും ഈ ഹൃദയത്തിൽ തന്നെ സ്ഥിതിചെയ്യുന്നു.

ഇവയെല്ലാം നെടുകേയും കുറുകേയും യഥാ വിധി സാക്ഷാത്ക്കരിക്ക പ്രയാസമെങ്കിലും സാദ്ധ്യമാക്കുക വേണം.

ഹൃദ്പത്മമദ്ധ്യബിന്ദുസ്ഥം

സർവ മിദം

എന്നങ്ങറിഞ്ഞുതെളിഞ്ഞാലും

'ഇതെല്ലാം സമാധിയത്രേ'

അറിഞ്ഞുതെളിയലും.

**ഓം തത് സത്**

—:)—

ഓം
ശ്രീഗുരവേനമഃ

ശ്രീധരൻ, ഒരു വൃദ്ധാക്കാരൻ
എങ്ങുമേ പിടിവിട്ടവൻ
ലോകത്തിലവനില്ലാശ
ഈശനേം പിടിവിട്ടവൻ
ഈശൻെറ എല്ലാമെല്ലാം വിട്ടോൻ

അഹമാമാത്മാവായി
മാത്രം മാത്രം നില്പവൻ.
ചിൽസാഗര ചിദാകാശേ
മോഹമററ മഹാകാശേ
ശ്രീധരം ശോഭിച്ചേക്കാം

അത്യത്ഭുത മഹാകാശേ
ഉജ്ജ്വലോജ്ജ്വല ഉയരത്തിൽ
ദ്വൈതഭാവനവന്നപ്പോഠ
അത്യുജ്ജ്വലവേഗത്തിൽ
താഴം താഴ്ചയത്തുംകണ്ടു

ധീരത വിട്ടൊഴിഞ്ഞില്ല ശ്രീധരൻ
പിന്നെതണിില്ല ശ്രീധരൻ
നിലം പതിച്ചില്ല ശ്രീധരൻ

ഇപ്പോഠ കാണവതെന്തെന്നോ
ചിൽ സാഗര മദ്ധ്യസ്ഥം
ചിദാകാശ വിശാലജ്ഞം
മേല്പോട്ടില്ലന്തവന്
കീഴ്പോട്ടുമില്ലന്തമവന്,

അതേ അമ്മേ! അമ്മേ!
അതാണു ഞാൻ പറവതു്,
അമ്മതൻ മകനാണെങ്കിൽ
ചൊല്ലാം ഞാൻ ചരിതാമൃതം

പണ്ട പണ്ടൊരു കാലത്തു്
അമ്മനോഹരപത്മജൻ
അസഹസ്രദളപത്മസ്ഥൻ
അമ്മനോഹര കിരണ പ്രഭ
ശ്രമിച്ചു ശ്രമിച്ചു തലവിട്ടു
ഫലിച്ചില്ലവിടൊന്നുമേ

സർവ്വ സർവേശ്വര ജഗന്നാഥൻ
ശ്രമിച്ചു പരമാവധി
അതും ഫലിച്ചതായാരും
ചൊല്ലിയില്ലിതിതേവരെ

അഹോ! അഹോ! മഹാത്മ്യം
പിന്നാരു പറയാനമ്മേ?

ഓം
ശ്രീഗുരവേനമ:

ഇവയെല്ലാമെന്തെൻറമ്മേ
ഹേരംബൻറുടലാണമ്മാ
ഹേരംബനല്ലാ അതു്
ആത്മപ്രകാശമതാൽ
പ്രത്യക്ഷമറിയേണം

ആദിത്യനകലെകണ്ടാൽ
ശീതളൻ, ശാന്തൻ, കാമ്പി
അടുത്തണ്ടടുക്കുമ്പോഴം
ഗംഭീരനുഗ്രനവൻ

ഭയ് ജനക ശുഭ്ര ശുഭ്രൻ
പ്രഭധരിപ്പോൻ
ഈക്ഷണാൽ
ഗോചരനല്ലാ
മോക്ഷദായകനാമണേ

ഓം

ശ്രീഗുരവേനമഃ

അമ്മേ! ദേവീ! മഹേശ്വരീ!
ചിന്മയീ! ദേവീ! മഹാദേവീ!

അറിഞ്ഞോ, അറിഞ്ഞോ എൻ
ധീര അടവമ്മേ!
ഈശന്റെ വകയെല്ലാം
എടുക്കാതെ വിട്ടമ്മേ
സ്വാത്മഭുക്കായികഴിഞ്ഞീടാൻ
പലവുരുപലവുരു പറഞ്ഞല്ലോ.

വഴക്കൊന്നു പിന്നെയും
ഞാൻ തൊടുത്തു വിട്ടു
അതമ്മേ കേൾക്കാനും രസകരമാം
ഈശന്റെ വകയെല്ലാം
വിട്ടു കഴിഞ്ഞു.

സ്വാത്മഭുക്കായ് കഴിയുന്നേരം
ഈശനും വന്നങ്ങകപ്പെട്ടമ്മേ
സ്വാത്മാവായ് തന്നെ
നിലച്ചങ്ങു നിന്നുപോയ്
സർവരസങ്ങളുമാസ്വാ-
ദിച്ചാപാവത്താൻ
ആത്മാവായ് തന്നെ നിന്നുപോയ്
അതുകേട്ടോ അതുകേട്ടോ
അമ്മ കേട്ടോ അമ്മ കേൾക്ക്
ഈശനേം തിന്നൊരാത്മാവുണ്ടേ

അടികൊള്ളിത്തരം
നിനക്കു മാറിയില്ലേ
ഞെരുടൊന്നും ഈയിടെ
കിട്ടാറില്ലേ.

ഇങ്ങനെ കളിച്ചെൻെറ
കാലം പോക്കും
കടലുകളാകെ ഞാൻ താണ്ടീടുമേ

എൻ മകനെന്നൊന്നമ്മ
പറഞ്ഞുവെങ്കിൽ
എന്തായിരുന്നേനെ
എൻെറവസ്ഥ
അഹമാമാത്മാവായ്
ബോധമാം ബ്രഹ്മമായ്
അറിഞ്ഞറിഞ്ഞു നിലച്ചു
നില നില്ക്കും ഞാൻ

ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ

—0—

**ഓം**

**ശ്രീഗുരവേനമഃ**

നിർവിശേഷ ചിദാകാശേ
ബിന്ദു കണ്ടെന്നു വന്നീടാം

ഊർജ്ജം മാത്രമാണായത്
അതാണു ശക്തിക്കുറവിടം
അമ്പേ അതിൻെറ വൈശിഷ്ട്യം
ആരുതാനുരചെയ്തീടും
ബ്രഹ്മനോ വിഷ്ണുവോ ശിവനോ
ആരുമേ വിവരിക്കില്ലാ
ആയതിൻ പ്രാഭവത്തിനെ

ഹരേ രാമ ഹരേ രാമ
രാമ രാമ ഹരേ ഹരേ
ഹരേ കൃഷ്ണ ഹരേ കൃഷ്ണ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ

അതു കല്യകം ലോകമാകെ
ജഗത്താണായതിൻ കരു
അതുകാണ്മവനാനന്ദിക്കും
അത്ഭുതത്തോടെ നോക്കുമേ.

അതു ജഗത്തതിൻ മദ്ധ്യബിന്ദു
ആനന്ദത്തിനുള്ളതിനുള്ള്.
ഓർത്താലും സ്മരിച്ചാലും
കണ്ടുകണ്ടങ്ങിരിക്കിലും
ക്ഷീണമാണേതൊരു കുഞ്ഞ്
തളർന്നുറങ്ങുംപോൽ
ഉറങ്ങുമേ എന്നാൽ ബോധം
കൂട്ടിന്നു കാണുമേ

ഇതെല്ലാം കണ്ടു കണ്ട്
ആനന്ദാൽ കഴിയുന്നു ശ്രീധരൻ
ആരേയും പ്രേരിപ്പില്ല
ഗുണദോഷിപ്പെന്നതുമില്ല
പറന്നുപോകും പക്ഷികൾ
വിളിക്കാറില്ല കൂട്ടരേ

അതുപോലീ ശ്രീധരൻ
അറിവാൽ ചുററുന്നലോകേ

ഹരേ രാമ ഹരേ രാമ
രാമ രാമ ഹരേ ഹരേ
ഹരേ കൃഷ്ണ ഹരേകൃഷ്ണ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

★

# ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

## ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

ശ്രീധരബോധമനനം
ശ്രീധരപരിദേവനം
മഹാവാക്യപൊരുൾ
വേദാന്തസരണി
ബാലശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്തബോധസുധ
വേദവേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധരവചനാമൃതം-ഭാഗം 1
ശ്രീധരവചനാമൃതം-ഭാഗം 2
ഉപനിഷത് ശ്രീധരപ്രകാരം
ശ്രീധരബോധകിരണം
ശ്രീധരന്റെ ബോധാവലോകനം
ശ്രീധരന്റെ വേദാന്തദർശനം

## മററു പ്രസിദ്ധീകരണങ്ങൾ

വിചാരസാഗരം
ഉത്തരഗീത
അവധൂതഗീത
ശ്രീഗോപാലഗീത
വേദാന്തസാരം
രാമഗോപാലം
ശ്രീധരം